**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3203** **13-07-2022 - ൽ മറുപടിയ്ക്ക്**

**മഞ്ചേരി യത്തീംഖാന സ്കൂളിലെ അദ്ധ്യാപകർക്ക് ശമ്പളം നൽകുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു.എ.ലത്തീഫ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | മഞ്ചേരി എച്ച് എം യതീം ഖാന ഹയർസെക്കൻഡറി സ്കൂളിൽ, ജി .ഒ (ആർ ടി) 4005/2019, 4110/2019 എന്നീ ഉത്തരവുകൾ പ്രകാരം സർക്കാർ അനുവദിച്ച തസ്തികകളിൽ നിയമിതരായ ജീവനക്കാർക്ക് കഴിഞ്ഞ 4 വർഷമായി ശമ്പളം ലഭ്യമാക്കാത്തത് സംബന്ധിച്ച് അന്വേഷിക്കുമോ; | (എ) | മഞ്ചേരി എച്ച്.എം.വൈ.എച്ച്. എസ്.എസി-ൽ 04/10/2019 ലെ സ.ഉ(സാധാ)നം.4005/2019/ പൊ.വി.വ. ഉത്തരവ് പ്രകാരം നിയമിച്ച സർക്കാർ നോമിനിയുടെ ശിപാർശ പ്രകാരം നിയമിതരായ 7 അധ്യാപകർക്ക് നിയമനാംഗീകാരം നൽകുന്നതിനുള്ള പ്രൊപ്പോസൽ മാനേജർ അംഗീകാരത്തിനായി മലപ്പുറം മേഖലാ ഉപമേധാവിയ്ക്ക് സമർപ്പിച്ചിരുന്നു. എന്നാൽ ടി സ്കൂളിലെ എച്ച്.എസ്.എസ്.റ്റി കമ്പ്യൂട്ടർ സയൻസ് തസ്തികയിലെ നിയമനം സംബന്ധിച്ച് ഹൈസ്കൂൾ അധ്യാപകനായ ശ്രീ.ജുബൈർ ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തിരുന്നു. തുടർന്ന് ടി സ്കൂളിലെ മുൻകാല അധ്യാപക നിയമനങ്ങളിൽ ക്രമക്കേടുകൾ കണ്ടെത്തുകയും ടി സ്കൂളിലെ 19/06/2003 മുതലുള്ള മുഴുവൻ എച്ച്.എസ്.എസ്.ടി(ജൂനിയർ) നിയമനങ്ങളും ഹയർ സെക്കൻഡറി ഡയറക്ടർ പുന:പരിശോധിക്കണമെന്ന് 11.11.2015ലെ G.O(Rt)No.5286/2015/Gedn. പ്രകാരം ഉത്തരവാകുകയും ചെയ്തിരുന്നു. ടി ഉത്തരവ് നടപ്പാക്കുന്നതിന്റെ ഭാഗമായി പ്രസ്തുത സ്കൂളിലെ എല്ലാ അധ്യാപക നിയമനങ്ങൾക്കും ഹയർ സെക്കൻഡറി ഡയറക്ടറുടെ മുൻകൂർ അനുമതി തേടണമെന്ന് സ്കൂൾ മാനേജർക്കും, ടി ഉത്തരവിന് ശേഷമുള്ള മേൽ സ്കൂളിലെ അധ്യാപക നിയമനങ്ങൾക്ക് അംഗീകാരം നൽകൽ നിർത്തി വെയ്ക്കുന്നതിന് മലപ്പുറം മേഖലാ ഉപമേധാവിയ്ക്കും നിർദ്ദേശം നൽകുക യുണ്ടായി. എന്നാൽ മേൽ പ്രകാരം നിയമിക്കപ്പെട്ട അധ്യാപകരിൽ 2 എച്ച്.എസ്.എസ്.റ്റി(ജൂനിയർ) മാർക്ക് നിയമനാംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിച്ചതിനുശേഷ മാണ് ടി സ്കൂളിലെ അധ്യാപക നിയമനങ്ങൾക്ക് അംഗീകാരം |

| | | | |
|---|---|---|---|
| | | | നൽകുന്നത് നിർത്തിവെയ്ക്കുന്നത് സംബന്ധിച്ചുള്ള നിർദ്ദേശം ശ്രദ്ധ യിൽപ്പെട്ടതെന്ന് മലപ്പുറം മേഖലാ ഉപമേധാവി അറിയിച്ചിരുന്നു. തുടർന്ന് മേഖലാ ഉപമേധാവി ഇതിനോടകം രണ്ടുപേർക്ക് നിയമ നാംഗീകാരം നൽകിയത് സാധൂകരിക്കുന്നതിനും ബാക്കി 5 നിയമനങ്ങൾ പരിഗണിക്കുന്നതിനും 08/07/2021 തീയതിയിൽ പ്രൊപ്പോസൽ സമർപ്പിക്കുകയും ടി വിഷയം തീർപ്പാക്കുന്നതിന്റെ ഭാഗമായി 11/03/2022-ന് ജോയിന്റ് ഡയറക്ടർ (അക്കാഡമിക്ക്) ബന്ധപ്പെട്ടവരെ നേരിൽ കേൾക്കുകയും ചെയ്തിരുന്നു. തദവസരത്തിൽ പരാമർശ സ്കൂളിൽ മുൻകാലങ്ങളിൽ നടത്തിയ അധ്യാപക നിയമനങ്ങളിൽ നിരവധി സങ്കീർണ്ണ പ്രശ്നങ്ങൾ നിലനിൽക്കുന്നതായി വിവരങ്ങൾ ലഭ്യമായതിനാലും 11/11/2015-ലെ മുൻ പരാമർശിച്ച സർക്കാർ ഉത്തരവ് നടപ്പാക്കിയിട്ടി ല്ലെന്നകാര്യം ശ്രദ്ധയിൽപ്പെട്ടതിനാലും ടി സ്കൂളിൽ സന്ദർശനം നടത്തി നിയമനങ്ങൾ സംബന്ധിച്ച് ഡയറക്ടർ തലത്തിൽ വിശദമായ അന്വേഷണം നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. ആയതിന്റെ തുടർനടപടികൾ അടിയന്തര പ്രാധാന്യത്തോടെ സ്വീകരിച്ചുവരുന്നു. ഇതുമൂലമാണ് ടി സ്കൂളിൽ മാനേജർ നിയമിച്ച ഏഴ് അധ്യാപകരിൽ രണ്ട് പേർക്ക് നിയമനാംഗീകാരം ലഭിക്കുകയും 5 പേരുടെ നിയമനാംഗീകാര നടപടികൾ തുടർന്നു വരുന്നതുമായ സാഹചര്യമുണ്ടായത്. |
| (ബി) | മേൽപ്പറഞ്ഞ ഉത്തരവ് പ്രകാരം നിയമിക്കപ്പെട്ട ഏഴ് പേരിൽ രണ്ട് പേർക്ക് നിയമനാംഗീകാരം നൽകുകയും അഞ്ച് പേർക്ക് നൽകാതിരിക്കുകയും ചെയ്തതിന്റെ കാരണമെന്താണെന്ന് വ്യക്തമാക്കാമോ; രണ്ട് പേർക്ക് ജോലി നൽകുകയും മറ്റ് അഞ്ച് അദ്ധ്യാപകർക്ക് ജോലി നൽകാതെ വൈകിപ്പിക്കുന്നതും നീതി നിഷേധത്തിനു തുല്യമാണെന്ന കാര്യം സർക്കാർ പരിശോധിക്കുമോ; | (ബി) | മഞ്ചേരി എച്ച്.എം.വൈ.എച്ച്. എസ്.എസി-ൽ 04/10/2019 ലെ സ.ഉ(സാധാ)നം.4005/2019/ പൊ.വി.വ. ഉത്തരവ് പ്രകാരം നിയമിച്ച സർക്കാർ നോമിനിയുടെ ശിപാർശ പ്രകാരം നിയമിതരായ 7 അധ്യാപകർക്ക് നിയമനാംഗീകാരം നൽകുന്നതിനുള്ള പ്രൊപ്പോസൽ മാനേജർ അംഗീകാരത്തിനായി മലപ്പുറം മേഖലാ ഉപമേധാവിയ്ക്ക് സമർപ്പിച്ചിരുന്നു. എന്നാൽ ടി സ്കൂളിലെ എച്ച്.എസ്.എസ്.റ്റി കമ്പ്യൂട്ടർ സയൻസ് തസ്തികയിലെ നിയമനം സംബന്ധിച്ച് ഹൈസ്കൂൾ അധ്യാപകനായ ശ്രീ.ജുബൈർ ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തിരുന്നു. തുടർന്ന് ടി സ്കൂളിലെ മുൻകാല അധ്യാപക നിയമനങ്ങളിൽ ക്രമക്കേടുകൾ കണ്ടെത്തുകയും ടി സ്കൂളിലെ 19/06/2003 മുതലുള്ള മുഴുവൻ എച്ച്.എസ്.എസ്.ടി(ജൂനിയർ) നിയമനങ്ങളും ഹയർ സെക്കൻഡറി ഡയറക്ടർ പുന:പരിശോധിക്കണമെന്ന് 11.11.2015ലെ G.O(Rt)No.5286/2015/Gedn. പ്രകാരം ഉത്തരവാകുകയും ചെയ്തിരുന്നു. ടി ഉത്തരവ് |

| | | | |
|---|---|---|---|
| | | | നടപ്പാക്കുന്നതിന്റെ ഭാഗമായി പ്രസ്തുത സ്കൂളിലെ എല്ലാ അധ്യാപക നിയമനങ്ങൾക്കും ഹയർ സെക്കൻഡറി ഡയറക്ടറുടെ മുൻകൂർ അനുമതി തേടണമെന്ന് സ്കൂൾ മാനേജർക്കും, ടി ഉത്തരവിന് ശേഷമുള്ള മേൽ സ്കൂളിലെ അധ്യാപക നിയമനങ്ങൾക്ക് അംഗീകാരം നൽകൽ നിർത്തി വെയ്ക്കുന്നതിന് മലപ്പുറം മേഖലാ ഉപമേധാവിയ്ക്കും നിർദ്ദേശം നൽകുക യുണ്ടായി. എന്നാൽ മേൽ പ്രകാരം നിയമിക്കപ്പെട്ട അധ്യാപകരിൽ 2 എച്ച്.എസ്.എസ്.റ്റി(ജൂനിയർ) മാർക്ക് നിയമനാംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിച്ചതിനുശേഷ മാണ് ടി സ്കൂളിലെ അധ്യാപക നിയമനങ്ങൾക്ക് അംഗീകാരം നൽകുന്നത് നിർത്തിവെയ്ക്കുന്നത് സംബന്ധിച്ചുള്ള നിർദ്ദേശം ശ്രദ്ധ യിൽപ്പെട്ടതെന്ന് മലപ്പുറം മേഖലാ ഉപമേധാവി അറിയിച്ചിരുന്നു. തുടർന്ന് മേഖലാ ഉപമേധാവി ഇതിനോടകം രണ്ടുപേർക്ക് നിയമ നാംഗീകാരം നൽകിയത് സാധൂകരിക്കുന്നതിനും ബാക്കി 5 നിയമനങ്ങൾ പരിഗണിക്കുന്നതിനും 08/07/2021 തീയതിയിൽ പ്രൊപ്പോസൽ സമർപ്പിക്കുകയും ടി വിഷയം തീർപ്പാക്കുന്നതിന്റെ ഭാഗമായി 11/03/2022-ന് ജോയിന്റ് ഡയറക്ടർ (അക്കാഡമിക്ക്) ബന്ധപ്പെട്ടവരെ നേരിൽ കേൾക്കുകയും ചെയ്തിരുന്നു. തദവസരത്തിൽ പരാമർശ സ്കൂളിൽ മുൻകാലങ്ങളിൽ നടത്തിയ അധ്യാപക നിയമനങ്ങളിൽ നിരവധി സങ്കീർണ്ണ പ്രശ്നങ്ങൾ നിലനിൽക്കുന്നതായി വിവരങ്ങൾ ലഭ്യമായതിനാലും 11/11/2015-ലെ മുൻ പരാമർശിച്ച സർക്കാർ ഉത്തരവ് നടപ്പാക്കിയിട്ടി ല്ലെന്നകാര്യം ശ്രദ്ധയിൽപ്പെട്ടതിനാലും ടി സ്കൂളിൽ സന്ദർശനം നടത്തി നിയമനങ്ങൾ സംബന്ധിച്ച് ഡയറക്ടർ തലത്തിൽ വിശദമായ അന്വേഷണം നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. ആയതിന്റെ തുടർനടപടികൾ അടിയന്തര പ്രാധാന്യത്തോടെ സ്വീകരിച്ചുവരുന്നു. ഇതുമൂലമാണ് ടി സ്കൂളിൽ മാനേജർ നിയമിച്ച ഏഴ് അധ്യാപകരിൽ രണ്ട് പേർക്ക് നിയമനാംഗീകാരം ലഭിക്കുകയും 5 പേരുടെ നിയമനാംഗീകാര നടപടികൾ തുടർന്നു വരുന്നതുമായ സാഹചര്യമുണ്ടായത്. |
| (സി) | ഹയർ സെക്കൻഡറി ഡയറക്ടറേറ്റ് നിയോഗിക്കുന്ന സർക്കാർ നോമിനി ശിപാർശ ചെയ്ത നിയമനാംഗീകാരം സംബന്ധിച്ച ഫയൽ തീർപ്പാക്കാൻ കാലതാമസം വരുത്തുന്നത് ആരാണെന്നും എന്തുകൊണ്ടാണെന്നും പരിശോധിക്കുമോ; | (സി) | അധ്യയന വർഷം അടിസ്ഥാനമാക്കി സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവ് പ്രകാരമാണ് സർക്കാർ നോമിനികളെ അനുവദിക്കുന്നത്. അതുപ്രകാരം മാനേജർ സമർപ്പിക്കുന്ന പ്രൊപ്പോസലുകളുടെ അടിസ്ഥാനത്തിൽ നിയമനാംഗീകാരം നൽകേണ്ടത് ബന്ധപ്പെട്ട മേഖലാ ഉപമേധാവിയാണ്. സർക്കാർ നോമിനിയുടെ |

| | | | |
|---|---|---|---|
| | | | ശിപാർശയോടെ മാനേജർ നിയമനാംഗീകാര പ്രൊപ്പോസൽ മേഖലാ ഉപമേധാവിയുടെ മുമ്പാകെ സമർപ്പിക്കുന്ന പക്ഷം തസ്തിക നിർണ്ണയ ഉത്തരവ്, ബൈട്രാൻസ്ഫർ ക്വാട്ടാ തുടങ്ങിയവയും നിയമാനാംഗീകാരം നൽകുന്നതിന് വേണ്ട മറ്റെല്ലാ രേഖകളും പരിശോധിച്ചുമാണ് നിയമനാംഗീകാരം നൽകുന്നത്. ആയതിൽ ഭരണപരമായ കാലതാമസം മാത്രമാണ് ഉണ്ടാവുന്നത്. ടി കാര്യത്തിൽ മേഖലാ ഉപമേധാവിമാരുടെ കാര്യാലയങ്ങളിൽ മനഃപൂർവ്വമായ കാലതാമസം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെടുന്ന പക്ഷം ആയത് പരിശോധിക്കുന്നതാണ്. |
| (ഡി) | രേഖകളിൽ ഒപ്പ് വയ്ക്കുന്ന സർക്കാർ നോമിനിയെ വിശ്വാസത്തിലെടുക്കാതെ ഫയൽ തീർപ്പാക്കാൻ കാലതാമസം വരുത്തുന്നത് സംബന്ധിച്ച് അന്വേഷണം നടത്തി നടപടി സ്വീകരിക്കാൻ തയ്യാറാകുമോ; | (ഡി) | അധ്യയന വർഷം അടിസ്ഥാനമാക്കി സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവ് പ്രകാരമാണ് സർക്കാർ നോമിനികളെ അനുവദിക്കുന്നത്. അതുപ്രകാരം മാനേജർ സമർപ്പിക്കുന്ന പ്രൊപ്പോസലുകളുടെ അടിസ്ഥാനത്തിൽ നിയമനാംഗീകാരം നൽകേണ്ടത് ബന്ധപ്പെട്ട മേഖലാ ഉപമേധാവിയാണ്. സർക്കാർ നോമിനിയുടെ ശിപാർശയോടെ മാനേജർ നിയമനാംഗീകാര പ്രൊപ്പോസൽ മേഖലാ ഉപമേധാവിയുടെ മുമ്പാകെ സമർപ്പിക്കുന്ന പക്ഷം തസ്തിക നിർണ്ണയ ഉത്തരവ്, ബൈട്രാൻസ്ഫർ ക്വാട്ടാ തുടങ്ങിയവയും നിയമാനാംഗീകാരം നൽകുന്നതിന് വേണ്ട മറ്റെല്ലാ രേഖകളും പരിശോധിച്ചുമാണ് നിയമനാംഗീകാരം നൽകുന്നത്. ആയതിൽ ഭരണപരമായ കാലതാമസം മാത്രമാണ് ഉണ്ടാവുന്നത്. ടി കാര്യത്തിൽ മേഖലാ ഉപമേധാവിമാരുടെ കാര്യാലയങ്ങളിൽ മനഃപൂർവ്വമായ കാലതാമസം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെടുന്ന പക്ഷം ആയത് പരിശോധിക്കുന്നതാണ്. |
| (ഇ) | ചട്ട പ്രകാരം നിയമിക്കപ്പെട്ട് കഴിഞ്ഞ 4 വർഷമായി ജോലി ചെയ്തുവരുന്ന ജീവനക്കാർക്ക് വേതനം നൽകുന്നതിനുള്ള ഫയൽ തീർപ്പാക്കാതിരിക്കുന്നത് എന്ത് കൊണ്ടാണ് എന്ന് പരിശോധിച്ച് മേൽനടപടി സ്വീകരിക്കുമോ; | (ഇ) | മഞ്ചേരി എച്ച്.എം.വൈ.എച്ച്. എസ്.എസ്-ൽ നിയമിക്കപ്പെട്ട അധ്യാപകർക്ക് നിയമനാംഗീകാരം നൽകുന്നത് സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ ടി സ്കൂളിലെ മുൻകാല അധ്യാപക നിയമനങ്ങളിൽ ക്രമക്കേടുകൾ കണ്ടെത്തുകയും 11/11/2015-ലെ GO(Rt) No.5286/2015/G.Edn പ്രകാരം ടി സ്കൂളിലെ 19/06/2003 മുതലുള്ള മുഴുവൻ എച്ച്.എസ്.എസ്.റ്റി(ജൂനിയർ) നിയമനങ്ങളും പുനഃപരിശോധിക്കേണ്ടതിനാൽ ടി സ്കൂളിൽ ഡയറക്ടർ തലത്തിൽ അന്വേഷണം നടത്തി നിയമനങ്ങൾ സംബന്ധിച്ച വിശദമായ റിപ്പോർട്ട് തയ്യാറാക്കാൻ തീരുമാനിച്ചിട്ടുണ്ട്. മേൽനടപടി ക്രമങ്ങൾ അടിയന്തരമായി പൂർത്തിയാക്കി ടി |

| | | | |
|---|---|---|---|
| | | | നിയമനങ്ങൾ അംഗീകരിക്കുന്ന നടപടി സ്വീകരിച്ചുവരുന്നു. |
| (എഫ്) | പ്രസ്തുത അദ്ധ്യാപകർക്ക് ഉടൻ ശമ്പളം നൽകാൻ നടപടി സ്വീകരിക്കുമോ? | (എഫ്) | മഞ്ചേരി എച്ച്.എം.വൈ.എച്ച്. എസ്.എസ്-ൽ നിയമിക്കപ്പെട്ട അധ്യാപകർക്ക് നിയമനാംഗീകാരം നൽകുന്നത് സംബന്ധിച്ച ഫയൽ പരിശോധി ച്ചതിൽ ടി സ്കൂളിലെ മുൻകാല അധ്യാപക നിയമനങ്ങളിൽ ക്രമക്കേടുകൾ കണ്ടെത്തുകയും 11/11/2015-ലെ GO(Rt) No.5286/2015/G.Edn പ്രകാരം ടി സ്കൂളിലെ 19/06/2003 മുതലുള്ള മുഴുവൻ എച്ച്.എസ്.എസ്.റ്റി(ജൂനിയർ) നിയമനങ്ങളും പുനഃപരിശോധിക്കേണ്ടതിനാൽ ടി സ്കൂളിൽ ഡയറക്ടർ തലത്തിൽ അന്വേഷണം നടത്തി നിയമനങ്ങൾ സംബന്ധിച്ച വിശദമായ റിപ്പോർട്ട് തയ്യാറാക്കാൻ തീരുമാനിച്ചിട്ടുണ്ട്. മേൽനടപടി ക്രമങ്ങൾ അടിയന്തരമായി പൂർത്തിയാക്കി ടി നിയമനങ്ങൾ അംഗീകരിക്കുന്ന നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ